ഗസറ്റ് തീയതി : **22.11.2017**

അവസാന തീയതി : **27.12.2017**

## <u>കാറ്റഗറി നമ്പർ: 500/2017</u>

### എലിജിബിലിറ്റി (അർഹതാ നിർണ്ണയ) പരീക്ഷ

**കേരള സംസ്ഥാന വാണിജ്യ നികുതി വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് / അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് എന്നിവരിൽ നിന്നും കൊമേഴ്സ്യൽ ടാക്സ് ഇൻസ്പെക്ടർ തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്നതിനുവേണ്ടിയുള്ള എലിജിബിലിറ്റി (അർഹതാനിർണ്ണയ) പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.**

**[06-09-1973–ലെ ഗവൺമെന്റ് ഉത്തരവ് നമ്പർ (എം.എസ്) 115/73/ റ്റി.ഡി.–യും 17-10-1973- ലെ ഉത്തരവ് നമ്പർ 129/73/റ്റി.ഡി.–യും 23-06-1998–ലെ ജി.ഒ.(പി) നമ്പർ 346/98/ആർ.ഡി. ഉത്തരവും നോക്കുക.**

1) **<u>യോഗ്യതകൾ</u>:–**

- i) **എസ്.എസ്.എൽ.സി. പാസ്സായിരിക്കണം**
- ii) **അക്കൗണ്ട് ടെസ്റ്റ് (ലോവർ) പാസ്സായിരിക്കണം.**
- iii) **Agriculture income tax and Sales tax Paper I, II & III (Departmental Test) പാസ്സായിരിക്കണം. (അപേക്ഷകർ B.com. പാസ്സായിട്ടുണ്ടെങ്കിൽ Paper I & II മാത്രം പാസ്സായാൽ മതി)**
- iv) ബന്ധപ്പെട്ട യോഗ്യത നിശ്ചയിച്ചിരിക്കുന്ന തസ്തികയിൽ approved probationer or full member ആയിരിക്കണം.

NB: കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എലിജിബിലിറ്റി പരീക്ഷ പാസ്സായശേഷം U.D ക്ളാർക്കായി ഒരു വർഷം വാണിജ്യനികുതിവകുപ്പിൽ തൃപ്തികരമായ സേവനം പൂർത്തീകരിച്ചിരിക്കണം.

2) <u>പ്രായപരിധി</u>:– ബാധകമല്ല.

3) <u>പരീക്ഷ</u>:– ടി തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയിൽ ഒബ്ജക്ടീവ് രീതിയിലുള്ള (ഒ.എം.ആർ. മൂല്യനിർണ്ണയം) ഒരു മണിക്കൂർ 15 മിനിറ്റ് ദൈർഘ്യവും പരമാവധി 100 മാർക്കുമുള്ള പരീക്ഷ.

